പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 640

11.6.2013 ൽ
മറുപടിയ്ക്ക്

## പുതുതായി ആരംഭിക്കുന്ന ഐ.ടി. പാർക്കുകൾ

| ചോദ്യം<br>ശ്രീ. കെ. സുരേഷ് കുറുപ്പ് ; | മറുപടി<br>ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്ത് പുതുതായി സ്വകാര്യ ഐ.ടി. പാർക്കുകൾ ആരംഭിക്കാൻ മുന്നോട്ട് വന്നിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | എ) സ്വകാര്യ മേഖലയിൽ ഐ.ടി. പാർക്കുകൾ ആരംഭിക്കുന്നതിന് M/s. Shubadra Realtors Pvt. Ltd, Banglore, M/s. Nippon Realtors Private Limited and Hexatech Developers Private Limited എന്നീ രണ്ടു സംരംഭകർ സർക്കാരിനെ സമീപിച്ചിട്ടുണ്ട്. |
| ബി) പ്രത്യേക സാമ്പത്തിക മേഖല പദവി ലഭിക്കുന്നതിന് പ്രസ്തുത സ്ഥാപനങ്ങൾ ആഗ്രഹിക്കുന്നുണ്ടോ ; | ബി) സ്വകാര്യ ഐ.ടി പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് സ്വകാര്യ സംരംഭകർ പ്രവർത്തിക്കേണ്ടത്. |
| സി) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിൽ എത്ര ഏക്കർ ഭൂമിയിലാണ് ഇവ സ്ഥാപിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ; | സി) M/s. Nippon Realtors Private Limited and Hexatech Developers Private Limited കൊച്ചിയിൽ 20.5 ഏക്കർ സ്ഥലത്തും M/s. Shubadra Realtors Pvt. Ltd, Banglore കൊച്ചി മുളവുകാട് വില്ലേജിൽ ഏകദേശം 45 ഏക്കർ സ്ഥലത്തുമാണ് ഇവ സ്ഥാപിക്കാനുദ്ദേശിക്കുന്നത്. |
| ഡി) ഐ.ടി. പാർക്ക് സ്ഥാപിക്കാൻ മുന്നോട്ട് വരുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് വിശദമാക്കുമോ ? | ഡി) ഐ.ടി. പാർക്ക് സ്ഥാപിക്കാൻ മുന്നോട്ടുവരുന്ന സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകാൻ ഉദ്ദേശിക്കുന്ന ഇളവുകൾ സംബന്ധിച്ചുള്ള വിശദ വിവരം 2012 ലെ ഐ.ടി. നയം വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സ്വകാര്യ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**